# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3362** — **18.2.2013-ൽ മറുപടിക്ക്**

**ബ്രഹ്മപുരത്ത് ആധുനിക മാലിന്യനിർമ്മാർജ്ജന പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ബ്രഹ്മപുരത്ത് ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ, കൊച്ചി നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും പ്രസ്തുത പ്ലാന്റ് മുഖേന സംസ്കരിക്കുവാൻ കഴിയുമോ; | ബി) | കഴിയും. |
| സി) | പ്രസ്തുത പ്ലാന്റിന്റെ സാങ്കേതിക വിദ്യ വ്യക്തമാക്കാമോ; | സി) | ആധുനിക സാങ്കേതിക വിദ്യകളായ പൈറോളിസിസ്സ്, ഗാസിഫിക്കേഷൻ, ഇംപ്രൂവ്ഡ് ബയോമെത്തനേഷൻ, ഇൻസിനറേഷൻ എന്നിവ ചേർന്ന ഇന്റഗ്രേറ്റഡ് ടെക്നോളജി എന്ന സാങ്കേതിക വിദ്യ ഉൾപ്പെട്ടിട്ടുള്ള നവീനരീതിയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി ; | ഡി) | ബ്രഹ്മപുരത്ത് ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് Public Private Partnership (PPP) അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനായുള്ള Request For Qualification (RFQ) പ്രവൃത്തി പൂർത്തിയായി. അവയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 3 ഏജൻസികൾ സമർപ്പിച്ച Request for Proposal (RFP) വിദഗ്ദ്ധ സാങ്കേതിക സമിതി വിലയിരുത്തുകയുണ്ടായി. |
| ഇ) | പ്ലാന്റ് എപ്പോൾ പ്രവർത്തനക്ഷമമാക്കും എന്ന് വ്യക്തമാക്കാമോ ? | ഇ) | എത്രയും വേഗം നടപടി പൂർത്തിയാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ